"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-തൃത്താല നിയോജക മണ്ഡലം - തൃത്താല ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള "കാഞ്ഞിരത്താണി-കോക്കൂർ റോഡ് നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1142/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/06/2021

---

പരാമർശം:- 1 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 2493 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2 സ.ഉ.(സാധാ)നം.3276/2020/ധന തീയതി 29.05.2020

3 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 11-02-2021- ലെ ഡി.ബി.5/1730/21/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ കത്ത്

ഉത്തരവ്

2019-20 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ ക്രമ നമ്പർ 2493 ആയി ഉൾപ്പെട്ടിരുന്ന തൃത്താല നിയോജക മണ്ഡലത്തിലെ കാഞ്ഞിരത്താണി-കോക്കൂർ റോഡ് എന്ന പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല പരാമർശം (2) പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലേക്ക് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ടി പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ പരാമർശം (3) പ്രകാരം അഞ്ച് കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാർ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ സമർപ്പിച്ച ഡി.പി.ആർ. അംഗീകരിച്ച് കൊണ്ട് 2019-20-ലെ സംസ്ഥാന ബജറ്റിന്റെ വർക്ക് അപ്പന്റിക്സ് ഭാഗം II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 2493 ആയി ഉൾപ്പെടുത്തിയിരുന്ന തൃത്താല നിയോജക മണ്ഡലത്തിലെ കാഞ്ഞിരത്താണി-കോക്കൂർ റോഡ് നിർമ്മാണം എന്ന പ്രവൃത്തി അഞ്ച് കോടി രൂപ ചെലവിൽ നിർവ്വഹിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് 4515-00-800-92 Works included in appendix II to the detailed Budget Estimate എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനിയർ, പാലക്കാട് ജില്ലാ പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.no.1725860/Dev-3/49/21-Fin dated 13-05-2021)

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 15-06-2021 11:00:42
Reason: Approved

സെക്ഷൻ ഓഫീസർ